# Kids corner

# കള്ളസന്യാസി

മുത്താരം ഗ്രാമത്തിന്റെ അതിർത്തിയിൽ കൂടിയാണ് മനോഹരിയായ കിന്നരിപ്പുഴ ഒഴുകുന്നത്. പുഴയുടെ മറു വശം വലിയ കാടാണ്.ഈ കാട്ടിലെ മൃഗങ്ങൾ ഭീതിയോടെ യാണ് ചതിയനായ കോമൻകു റുക്കനെപ്പറ്റി ഓർക്കുന്നത്. കാരണം മൃഗരാജനായ സിംഹ ത്തിന് ചതിവിൽ വീഴ്ത്തിയ മൃഗങ്ങളെ സമ്മാനിക്കുകയാണ് അവന്റെ ജോലി എന്നാൽ



നിരാശനായ അവൻ ചിന്തിച്ചു കാട്ടിൽ ജീവിച്ചാൽ എന്നും അവനും കൂട്ടർക്കും അരവയർ മാത്രമേ നിറയുകയുള്ളൂ. ഇനി നാട്ടിലിറങ്ങാം എന്ന് വിചാരിച്ചാലോ, നാട്ടിലെ മൃഗങ്ങൾ നല്ല ബുദ്ധിയുള്ളവരും , ഈശ്വര വിശ്വാസികളും ആയതിനാൽ അവർ രക്ഷാമാർഗ്ഗം എങ്ങനെയും കണ്ടുപിടിക്കും.

കിന്നരിപ്പുഴയുടെ തീരത്ത് കുറുക്കൻമാർ കോമന്റെ നേതൃത്വത്തിൽ സന്നിഹി തരായിരുന്നു. നേതാവായ കോമൻ കാട്ടിലെയും നാട്ടിലെയും അവസ്ഥകളെപ്പറ്റി സുഹൃത്തുക്കളെ പറഞ്ഞ് മനസ്സിലാക്കി.ഇനി എന്തുചെയ്യും ? എല്ലാവരും ഭാവി പരി പാടികളെപ്പററി അഭിപ്രായങ്ങൾ പറയുകയും തർക്കിക്കുകയും ചെയ്തുകൊണ്ടിരു ന്നു. അപ്പോൾ ഒരു കുട്ടിക്കുറുക്കൻ എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ കൂവാൻ തുടങ്ങി. എല്ലാവരുടെയും ശ്രദ്ധ അവിടേക്കായി, ഇരിക്കെടാ അവിടെ.... കോമൻ അലറി.ഹാ! ഹാ! ചൂടാകാതെ അങ്കിൾ കാലത്തിനനുസരിച്ച് നമുക്കും ഒന്ന് മാറിയലോ? ശാന്ത

നായി കോമൻ ചോദിച്ചു ശരി നീ എന്താണ് ഉദ്ദേശിച്ചത്. മറ്റ് കുറുക്കൻമാർ ആകാംഷയോടെ ശ്രദ്ധിച്ചു.അതേ, അങ്കിൾ ഭക്തിയുടെ മാർഗ്ഗം സ്വീകരിച്ചാലോ, ഗുഡ് ഐഡിയാ! എടാ കൊച്ചനെ നീയാണ് മിടുക്കൻ . എല്ലാവരും കയ്യടിച്ച് അവനെ അഭിനന്ദിച്ചു.

അടുത്തദിവസം പുഴയോരത്തെ കുറ്റിക്കാട്ടിലൊളിച്ചിരുന്ന കോമൻ ഒരു സന്യാസി കുളിക്കാനായി പുഴയിലേക്കിറങ്ങുന്നത് കണ്ടു. സന്യാസി വന്നവഴിയെ കോമൻ നടന്ന് അദ്ദേഹത്തിന്റെ താമസസ്ഥലം കണ്ടുപിടിച്ചു. അവിടെ കണ്ട കാവിത്തുണികൾ,രുദ്രാക്ഷമാല, വടി അങ്ങനെ സന്യാസിമാർക്കാവശ്യമായ സാധനങ്ങൾ എല്ലാം എടുത്ത് അപ്രത്യക്ഷമായി .



അങ്ങനെ ഭക്തിമാർഗ്ഗത്തിന്റെ പുതിയ പദ്ധതികൾ കുറുക്കൻമാർ എല്ലാവരും കൂടി ആസൂത്രണം ചെയ്തു.

ഒരു പ്രഭാതത്തിൽ പുഴവക്കത്തെ ഞണ്ടുകൾ മന്ത്രോച്ചാരണം കേട്ടാണ് ഉണർന്നത്. അവരവരുടെ മാളങ്ങളിൽ നിന്ന് തലവെളിയിലേക്കിട്ട് നോക്കിയപ്പോൾ കണ്ടകാഴ്ച അവരെ അതിശയിപ്പിച്ചു. ഹായ്....കോമൻ സന്യാസി. ഇറുക്കൻ ഞണ്ട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഓം! ഓം! ശാന്തി ശാന്തി! കുറുക്കൻമാർ ചിട്ടയായി നടന്നു വരുന്നു. ഞണ്ടുകളുടെ മാളത്തിനടുത്തെത്തിയപ്പോൾ കോമൻ സന്യാസി വിളിച്ചു. കൂട്ടുകാരെ പുറത്തു വന്നാട്ടെ ഭയപ്പെടേണ്ട. ഇന്നു മുതൽ സഹോദരങ്ങളെപ്പോലെ ഒത്തൊരുമിച്ചു വസിക്കാം. ഈ വെള്ളിയാഴ്ച മുതൽ നമുക്ക് ഈ പുഴയോരത്ത് ഒന്നിച്ച് കൂടി മൃഗങ്ങളുടെ നന്മയ്ക്കും ആരോഗ്യത്തിനുമായി പ്രാർത്ഥി

ക്കാം. നിങ്ങൾ എല്ലാവരും ഇവിടെ കൂടി പ്രാർത്ഥനയിൽ പങ്കുകൊള്ളണം. ഇതു പോലെ തന്നെ മുയൽക്കുട്ടൻമാരെയും കോഴികളെയും, കാക്കകളെയും എല്ലാം ക്ഷണിച്ചു. ആദ്യവെള്ളിയാഴ്ച എത്തി, പ്രശ്നമൊന്നും ഉണ്ടായില്ല. കുറുക്കൻമാർക്ക് നല്ല ബുദ്ധിവന്നതായി പലരും വിചാരിച്ചു. എന്നാൽ ഇറുക്കൻ ഞണ്ടിനും , മോട്ടുമുയലിനും, കറുമ്പികാക്കയ്ക്കും, ചിരുത കോഴിയമ്മയ്ക്കും ഇത് അവിശ്വസനീയമായി തോന്നി. ഓരോ ആഴ്ച കഴിയുന്തോറും പ്രാർത്ഥനയിൽ പങ്കുകൊള്ളുവാൻ വരുന്ന സന്യാസികുറുക്കൻമാരുടെ പെരുമാറ്റത്തിൽ വന്ന വ്യത്യാസമാണ് അവരെ സംശയാലുക്കളാക്കിയത്. ഒരു മുൻകരുതലെന്നവണ്ണം കട്ടുറുമ്പുകളെ കൂട്ടുപിടിച്ച് ഒരു പദ്ധതി ചിരുത അമ്മയും കൂട്ടരും ആസൂത്രണം ചെയ്തു.

അടുത്ത പ്രാർത്ഥനാദിവസം എല്ലാമൃഗങ്ങളും ഒത്തുകൂടി. കോമൻ സന്യാസി എഴുന്നേറ്റുനിന്ന് എല്ലാവരും കണ്ണടച്ച് ധ്യാനിക്കുവാനാവശ്യപ്പെട്ടു.ചിരുതകോഴി കണ്ണടച്ചില്ല. കുറുക്കസന്യാസിമാർ കണ്ണടച്ചിരിക്കുന്ന മൃഗങ്ങളെ തിന്നാനായിരുന്നു പദ്ധതി ഇട്ടിരുന്നത്. കോമൻ കണ്ണുകാണിക്കുന്നതു കണ്ടപ്പോൾ സംശയം തോന്നിയ കോഴിയമ്മ കാക്കയെ തോണ്ടി. കാക്ക കാ..കാ... എന്ന് വിളിച്ചു. കുറുക്കൻമാർ ഇരുന്നതിന്റെ താഴെ മണ്ണിലൊളിച്ചിരുന്ന കട്ടുറുമ്പുകൾ പെട്ടെന്ന് കടിതുടങ്ങി. ആ തക്കം നോക്കി ഞണ്ടുകളും കള്ള സന്യാസിമാരെ ഇറുക്കുവാൻ തുടങ്ങി.അയ്യോ....രക്ഷിക്കണേ....എന്നു പറഞ്ഞ് കുറുക്കൻമാർ കാട്ടിലേക്കോടി രക്ഷപെട്ടു.

കോഴിയമ്മ എല്ലാവരേയും വിളിച്ചുകൂട്ടി ദൈവത്തിന് നന്ദികരേറ്റി. ചതിയന്മാരുടെ മനസ്സോടെ , ഈശ്വര നിഷേധികളായി, പ്രാർത്ഥനയിൽ നിങ്ങൾ പങ്കു കൊള്ളരുത്. നല്ല മനസ്സുള്ളവരായി ജീവിക്കാമെന്ന് ഇറുക്കൻ ഞണ്ടുൾപ്പെടെ എല്ലാവരും സത്യം ചെയ്ത് പിരിഞ്ഞു.

ഈ ചതിയന്മാരായ കള്ളസന്യാസിമാരെപ്പോലെ ഉള്ളവരോടൊപ്പം കുഞ്ഞുങ്ങളെ നിങ്ങൾ പ്രാർത്ഥനയിൽ പങ്കുകൊള്ളരുത്. പ്രാർത്ഥനയുടെ വിജയത്തിനായുള്ള അഞ്ച് പ്രമാണങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നത് സ്വായത്തമാക്കുക.

1. അനുതാപത്തോടെ പ്രാർത്ഥിക്ക (1 ദിന.7:14)

2. പൂർണ്ണഹൃദയത്തോടെ പ്രാർത്ഥിക്ക (യിര.29:13)

3.വിശ്വാസത്തോടെ പ്രാർത്ഥിക്ക (മർക്കോ.11:24)

4. നീതിമാനായിരിയ്ക്കുക (യാക്കോ.5:16)

5. അനുസരണയുള്ളവനായിരികികുക (1യോഹ.3:22)

(അഞ്ച് വാക്യങ്ങളും കാണാതെ പഠിക്കുക)

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind